**കേരള സർക്കാർ**

**സംഗ്രഹം**

**തദ്ദേശ സ്വയംഭരണ വകുപ്പ് - പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2008-09 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയ 40,435/- (നാൽപതിനായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ) നം.2516/16/തസ്വഭവ. തിരുവനന്തപുരം, തീയതി:25/08/2016

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 3.2.2016 തീയതിയിലെ എം1-923/16 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ 25/06/2016-ലെ കെ.എസ്.എ 2828/പിറ്റി2/2016 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം സർക്കാർ ഉത്തരവിനും സബ്സിഡി മാർഗ്ഗരേഖയ്ക്കും വിരുദ്ധമായി വളം വിതരണത്തിന് മാത്രമായി പദ്ധതി വിഹിതം ചെലവഴിച്ച 40,435/- രൂപ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടവർക്കല്ലെന്നുള്ള കാരണത്താൽ ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ, പഞ്ചായത്ത് കമ്മിറ്റി തീരുമാനം, ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ , ആഡിറ്റ് പരാമർശത്തിന്റെ പകർപ്പ് എന്നിവ സഹിതം പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

ടി വിഷയത്തിൽ ടി പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് യഥാസമയം വളം വിതരണം ചെയ്തിട്ടുണ്ടെന്നും മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ചെലവ് ചെയ്തത് മാപ്പാക്കണമെന്നുള്ള ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 15.11.2014 ലെ 2(10)-ാം നമ്പർ തീരുമാനം, ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ 03/08/15 തീയതിയിലെ 11-ാം നമ്പർ ശുപാർശ പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ചെലവഴിച്ച 40,435 /-രൂപയ്ക്ക് സാധൂകരണം നൽകുന്ന വിഷയത്തിൽ സർക്കാരിന് യുക്തമായ തീരുമാനമെടുക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.ഈ പദ്ധതി നിർദ്ദേശത്തിലൂടെ പഞ്ചായത്ത് ലക്ഷ്യമിട്ടിരിക്കുന്നത്, നാളികേരകൃഷി വികസനത്തിനായുള്ള ഒരു സമഗ്ര പദ്ധതിയാണ്. ഈ പദ്ധതി അനുവദിച്ചു കൊണ്ട് സബ്സിഡിയായി വളം വിതരണം ചെയ്യു എന്ന് അർത്ഥമാക്കുന്നില്ല. ആയതിനാൽ പാലക്കാട് ജില്ലയിലെ പിരായിരി ഗ്രാമപഞ്ചായത്തിന്റെ 2008-2009 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-9 പ്രകാരം ചെലവഴിച്ച 40,435/- (നാൽപതിനായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപയ്ക്ക് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ഷിബു.എ.ടി
അണ്ടർ സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് വേണ്ടി

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയക്ടർ,പാലക്കാട്
സെക്രട്ടറി, പ്രിരിയാരി ഗ്രാമപഞ്ചായത്ത്, പാലക്കാട്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് ആന്റ് ന്യൂ മീഡിയാ ഡിവിഷൻ,ഇൻഫൊർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,ഗവൺമെന്റ് സെക്രട്ടറിയേറ്റ് തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ